സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com | വാള്യം: 60 | ലക്കം: 45 | 2025 ഏപ്രിൽ 28 തിങ്കൾ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in



സ്വതന്ത്രമണ്ഡപം

പത്രത്തിന്റെ

ഓൺലൈൻസന്ദർശിക്കുക

Visit

Swathanthra Mandapam Online

www.swathanthramandapam.com


## മുഖ്യമന്ത്രിയുടെ വീടിനും ഓഫീസിനും ബോംബ് ഭീഷണി; പരിശോധന നടത്തി

തിരു: തലസ്ഥാനത്ത് വീണ്ടും ബോംബ് ഭീഷണി. മുഖ്യമന്ത്രി പിണറായി വിജയന്റെ വീടിനും ഓഫീസിനുമാണ് പുതിയതായി ബോംബ് ഭീഷണി ഉണ്ടായിരിക്കുന്നത്. ഇമെയിൽ വഴിയാണ് ഭീഷണിസന്ദേശം ലഭിച്ചത്. കഴിഞ്ഞ മൂന്നാഴ്ചയായി സംസ്ഥാനത്തെ പലയിടങ്ങളിലും വ്യാജ ബോംബ് ഭീഷണി സന്ദേശങ്ങൾ ലഭിച്ചിരുന്നു.ഇതിന്റെ തുടർച്ചയെന്നോണമാണ് ഇന്ന് മുഖ്യമന്ത്രിയുടെ ഓഫീസിനും വീടിനും ബോംബ് ഭീഷണി ഉണ്ടായിരിക്കുന്നത്. സെക്രട്ടറിയേറ്റിലും ക്ലിഫ് ഹൗസിലും ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസിലും പരിശോധന നടത്തി.

# രാജ്നാഥ് സിങ്ങും മോദിയും തമ്മിൽ നിർണായക കൂടിക്കാഴ്ച, ഉന്നതതല യോഗം വിളിച്ച് അമിത് ഷാ

ന്യൂഡൽഹി: പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്ര പ്രതിരോധമന്ത്രി രാജ്നാഥ് സിങ്ങും തമ്മിൽ പ്രത്യേക കൂടിക്കാഴ്ച. ഭീകരാക്രമണത്തെ തുടർന്ന് നടത്തിയിട്ടുള്ള സുരക്ഷാതയ്യാറെടുപ്പുകളെ കുറിച്ചുള്ള വിശദീകരണത്തിനായി രാജ്നാഥ് സിങ് പ്രധാനമന്ത്രിയുടെ വസതിയിലെത്തി. പാകിസ്താന്റെ ഭാഗത്തുനിന്ന് പ്രകോപനമുണ്ടാകുന്നപക്ഷം നേരിടേണ്ടവിധമുൾപ്പടെയുള്ള പ്രതിരോധസംവിധാനങ്ങളെ കുറിച്ച് സംയുക്ത സേനാമേധാവി അനിൽ ചൗഹാനുമായി രാജ്നാഥ് സിങ് കഴിഞ്ഞദിവസം ചർച്ച നടത്തിയിരുന്നു. സ്ഥിതി വിവരങ്ങൾ പ്രധാനമന്ത്രിയെ ധരിപ്പിച്ചതായാണ് വിവരം.



അതിനിടെ നിയന്ത്രണരേഖയിൽ പാകിസ്താൻ വെടിനിർത്തൽ കരാർ ലംഘിച്ചതായി സേനാവൃത്തങ്ങൾ അറിയിച്ചു. അടുത്തദിവസങ്ങളിൽ തുടർച്ചയായ നാലാമത്തെ തവണയാണ് പാകിസ്താൻ വെടിനിർത്തൽ കരാർ ലംഘിക്കുന്നത്. പൂഞ്ചിനും കുപ്‌വാരയ്ക്കും സമീപത്തുള്ള മേഖലയിലാണ് പാകിസ്താന്റെ ഭാഗത്തുനിന്നുള്ള ചെറിയതോതിലുള്ള വെടിവെപ്പുണ്ടായിട്ടുള്ളത്. ആക്രമണത്തോട് തക്കതായി പ്രതികരിച്ചതായി സേനാവക്താവ് അറിയിച്ചു. ജമ്മു കശ്മീരിലും അതിർത്തി പ്രദേശങ്ങളിലും ജാഗ്രത വർധിപ്പിച്ചതായി അധികൃതർ വ്യക്തമാക്കി.

സ്ഥിതിഗതികൾ വിലയിരുത്താൻ കേന്ദ്ര ആഭ്യന്ത്രമന്ത്രി അമിത് ഷാ ഉന്നതതലയോഗം വിളിച്ചു. പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റി ഓൺ ഡിഫൻസ് ഇന്ന് വൈകുന്നേരം മൂന്ന് മണിക്ക് യോഗം ചേരും. ഭീകരാക്രമണത്തെ തുടർന്ന് ജമ്മു കശ്മീർ നിയമസഭ പ്രത്യേക സമ്മേളനം നടത്തുന്നു. ഭീകരാക്രമണത്തെ നിയമസഭ ഒന്നടങ്കം അപലപിച്ചു. പ്രമേയം പാസ്സാക്കി. ഒറ്റക്കെട്ടായി നിലകൊള്ളണമെന്ന് കശ്മീർ ജനതയോട് അഭ്യർഥിക്കുകയും ചെയ്തു.

രാജ്യസുരക്ഷ മുൻനിർത്തി കേന്ദ്രസർക്കാർ നിർണായകനടപടികൾ സ്വീകരിച്ചുവരികയാണ്. സൈനികനടപടികളെ കുറിച്ച് റിപ്പോർട്ട് ചെയ്യുന്നതിൽ നിന്ന് മാധ്യമങ്ങളെ വിലക്കിയിട്ടുണ്ട്. അന്താരാഷ്ട്ര മാധ്യമമായ ബിബിസിയെ പ്രത്യേകം നിരീക്ഷിക്കും. പഹൽഗാമിൽ ആക്രമണം നടത്തിയവരെ ഭീകരെന്ന് വിശേഷിപ്പിക്കാതെ ആുധധാരികളെന്ന് മാത്രം വിശേഷിപ്പിച്ച ബിബിസി പക്ഷപാതപരമായാണ് വാർത്തകൾ റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്നാണ് വിലയിരുത്തൽ. കൂടാതെ വ്യാജവും വർഗീയവുമായ ഉള്ളടക്കങ്ങൾ സംപ്രേഷണം ചെയ്യുന്ന 16 പാക് യൂട്യൂബ് ചാനലുകൾക്ക് ഇന്ത്യയിൽ നിരോധനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## മധ്യപ്രദേശിൽ സ്വന്തം സർക്കാറിനെതിരെ തിരിഞ്ഞ് ബി.ജെ.പി എം.എൽ.എമാർ

ഭോപ്പാൽ: മധ്യപ്രദേശിൽ ഒരു സംഘം ബി.ജെ.പി എം.എൽ.എമാരും പാർട്ടി നയിക്കുന്ന മധ്യപ്രദേശ് സർക്കാറും തമ്മിലുള്ള ഭിന്നത കടുക്കുന്നു. പ്രാദേശിക വിഷയങ്ങളിൽ നിയമസഭാംഗങ്ങൾ സംസ്ഥാന ഭരണകൂടത്തിനെതിരെ പരസ്യ വിമർശനങ്ങൾ ഉയർത്തിയതോടെയാണിത്. കഴിഞ്ഞ കുറച്ച് നാളുകളായി എം.എൽ.എമാരായ പ്രീതം ലോധി (പിച്ചോർ), വിജയ്പാൽ സിങ് (സൊഹാഗ്പൂർ), പ്രദീപ് പട്ടേൽ (മൗഗഞ്ച്) എന്നിവർ വിവിധ വിഷയങ്ങളിൽ സർക്കാറിനെതിരെ രംഗത്തെത്തി. പുതിയ ദേശീയ പ്രസിഡൻറിനെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയയിൽ സംസ്ഥാന ബി.ജെ.പിയിൽ ആഭ്യന്തര കലഹം നടക്കുന്ന സമയത്താണ് നിയമസഭാംഗങ്ങളുടെ പ്രതിഷേധം.

2024 നവംബറിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ ബി.ജെ.പി ബുധിനിയെ നിലനിർത്തിയെങ്കിലും വിജയ്പൂരിൽ കോൺഗ്രസിനോട് പരാജയപ്പെട്ടിരുന്നു. ഇത് സംസ്ഥാന യൂനിറ്റിനുള്ളിൽ ഐക്യം ഉറപ്പാക്കാൻ മുഖ്യമന്ത്രി മോഹൻ യാദവിൽ സമ്മർദ്ദം ഏറ്റിയതായി ഒരു മുതിർന്ന ബി.ജെ.പി പ്രവർത്തകൻ പറഞ്ഞു.

## കെഎം എബ്രഹാമിനെ നീക്കണം, മുഖ്യമന്ത്രിയുടെ ഓഫീസ് കേരളത്തിലെ ഏറ്റവും വലിയ അഴിമതിക്കൂടാരം: ചെന്നിത്തല

തിരു : സിബിഐ അന്വേഷണം നേരിടുന്ന മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി കെ.എം. എബ്രഹാമിനെ ഉടനടി സ്ഥാനത്തുനിന്നും കിഫ്ബി സിഇഒ ചുമതലയിൽ നിന്നും നീക്കം ചെയ്യണമെന്ന് കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല. അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് ഹൈക്കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ സിബിഐ എഫ്ഐആർ രജിസ്റ്റർ ചെയ്തതോടെ കേരളത്തിലെ ഏറ്റവും വലിയ അഴിമതിക്കൂടാരമാണ് മുഖ്യമന്ത്രിയുടെ ഓഫീസ് എന്ന് സംശയാതീതമായി തെളിഞ്ഞിരിക്കുകയാണ്.



കള്ളക്കടത്തും അനധികൃത നിയമനങ്ങളും അനധികൃത കോൺട്രാക്റ്റുകളും മാസപ്പടിയും എല്ലാം ചേർന്ന് കേരള ചരിത്രത്തിലെ ഏറ്റവും അഴിമതിക്കാരനായ മുഖ്യമന്ത്രിയായി പിണറായി വിജയൻ മാറി. വിരമിച്ച ശേഷം ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി സ്ഥാനം നൽകി തന്റെ ഓഫീസിനെ നയിക്കാൻ പിണറായി വിജയൻ നിയോഗിച്ച ആളാണ് കെ.എം എബ്രഹാം. കിഫ്ബിയുമായി ബന്ധപ്പെട്ട ആരോപണങ്ങൾക്കു മേൽ അന്വേഷണം വരുമെന്ന അവസ്ഥ വന്നപ്പോഴാണ് കെ.എം. എബ്രഹാമിന് ക്യാബിനറ്റ് പദവി നൽകാൻ തീരുമാനിച്ചത്. ഇത് കിഫ്ബിയുമായി ബന്ധപ്പെട്ട ഇടപാടുകളിൽ ആരെയൊക്കെയോ രക്ഷിക്കുന്നതിന്റെ ഭാഗമായി നൽകിയ ഡീലാണ്. വമ്പൻ സ്രാവുകൾ ഇനിയും കുടുങ്ങാനുണ്ട് എന്നതിന്റെ സൂചന മാത്രമാണ് ആ ഡീൽ.

കെ.എം. എബ്രഹാമിനെതിരെ വിജിലൻസ് നടത്തിയ അന്വേഷണവും അതു അപ്പാടെ കണ്ണുമടച്ചു സ്വീകരിച്ച വിജിലൻസ് കോടതി വിധിയും ഹൈക്കോടതിയുടെ വിമർശനത്തിന് വിധേയമായിട്ടുണ്ട്. ഹർജിക്കാരൻ കണ്ടെത്തി ഹാജരാക്കിയ നിസാരപ്പെട്ട വസ്തുതകൾ പോലും കേരള സംസ്ഥാനത്തിലെ വിജിലൻസ് വകുപ്പിന് കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ അതിനു കാരണം എന്താണെന്ന് സാമാന്യബുദ്ധിയുള്ളവർക്ക് മനസിലാകും. വിജിലൻസിന്റെ ചുമതലയുള്ള മന്ത്രി എന്ന നിലയിൽ സ്വന്തക്കാരെ മുഴുവൻ അഴിമതി കേസുകളിൽ നിന്നു രക്ഷിക്കാൻ ശ്രമിക്കുന്ന മുഖ്യമന്ത്രി കുറഞ്ഞ പക്ഷം വിജിലൻസിന്റെ ചുമതലയെങ്കിലും ഒഴിയാനുള്ള സാമാന്യ മര്യാദ കാണിക്കണം. ചെന്നിത്തല പറഞ്ഞു.

വിഴിഞ്ഞം തുറമുഖത്തിന്റെ അവലോകന യോഗത്തിൽ ഭാര്യയേയും മകളേയും കൊച്ചുമകനെയും ഒപ്പമിരുത്തിയ മുഖ്യമന്ത്രിയുടെ നടപടി അങ്ങേയറ്റം അപമാനകരവും അപലപനീയവുമാണെന്നും ചെന്നിത്തല പറഞ്ഞു. സംസ്ഥാന സർക്കാർ എന്നത് പിണറായി വിജയന്റെ അടുക്കളക്കാര്യമല്ല. ഗുരുതരമായ അഴിമതി ആരോപണത്തിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ട പ്രതിയാണ് വീണാ വിജയൻ. അത്തരമൊരാളെ പ്രധാനമന്ത്രി പങ്കെടുക്കുന്ന പരിപാടിയുടെ അവലോകന യോഗത്തിൽ എങ്ങനെയാണ് പങ്കെടുപ്പിക്കാൻ കഴിയുന്നത്. മുഖ്യമന്ത്രിയുടെ കുടുംബക്കാര്യമല്ല വിഴിഞ്ഞം തുറമുഖ പദ്ധതി. ഇത്തരം സംഭവങ്ങൾ ഇനി ഉണ്ടാകാൻ പാടില്ല. അദ്ദേഹം കൂട്ടിചേർത്തു.

## പാക് വ്യോമതാവളത്തിൽ തുർക്കിയുടെ സൈനിക വിമാനങ്ങൾ, മിസൈൽ എത്തിച്ച് ചൈന; പൂർണ പിന്തുണ

ഇസ്ലാമാബാദ്: പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയും പാകിസ്ഥാനും തമ്മിൽ ഉടലെടുത്ത സംഘർഷം രൂക്ഷമായി തുടരുകയാണ്. തീവ്രവാദ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ അമേരിക്ക, റഷ്യ അടക്കമുള്ള ലോകരാഷ്ട്രങ്ങൾ ഇന്ത്യക്ക് പിന്തുണ പ്രഖ്യാപിച്ചപ്പോൾ തുർക്കി ചൈന തുടങ്ങിയ രാജ്യങ്ങൾ പാകിസ്ഥാനെ പിന്തുണയ്ക്കുന്ന നിലപാടാണ് സ്വീകരിച്ചത്. ഇപ്പോഴിതാ സംഘർഷം രൂക്ഷമാകുമെന്ന ഘട്ടത്തിൽ എത്തിയതോടെ ചൈനയുടെയും തുർക്കിയുടെയും നൂതന ആയുധങ്ങൾ പാകിസ്ഥാന് ലഭിച്ചെന്ന് റിപ്പോർട്ട്.

യുദ്ധകാലാടിസ്ഥാനത്തിൽ ആയുധങ്ങളും ദീർഘദൂര മിസൈലുകളും ചൈന പാകിസ്ഥാന് നൽകിയെന്നാണ് വിവരം. പാക് സേന പുറത്തുവിട്ട ഏറ്റവും പുതിയ ജെഎഫ് -17 ബ്ലോക്ക് III യുദ്ധ വിമാനങ്ങളിൽ പിഎൽ-15 ബിയോണ്ട് വിഷ്വൽ റേഞ്ച് മിസൈലുകളാണ് ഘടിപ്പിച്ചിരിക്കുന്നത്. ഇത് ചൈന ലഭ്യമാക്കിയതാണ്. 200 മുതൽ 300 കിലോമീറ്റർ വരെ ദൂരപരിധിയുള്ള മിസൈലുകളിൽ ഒന്നാണിത്.

ഞായറാഴ്ച കറാച്ചിയിൽ യുദ്ധോപകരണങ്ങളുമായി തുർക്കി വ്യോമസേനയുടെ സി-130 ഹെർക്കുലീസ് സൈനിക വിമാനം എത്തിയതായും റിപ്പോർട്ടുണ്ട്. ഇരു രാജ്യങ്ങളും തമ്മിൽ വിശാലമായ പ്രതിരോധ സഹകരണം നിലനിൽക്കുന്നുണ്ട്. തുർക്കിയുടെ ഈ നീക്കം ഇതിന്റെ ഭാഗമായാണ്. തുർക്കിയുടെ ആറ് യുദ്ധവിമാനങ്ങൾ ഇസ്ലാമാബാദിലെ ഒരു സൈനിക താവളത്തിൽ ഇറങ്ങിയതായും റിപ്പോർട്ടുണ്ട്. അന്താരാഷ്ട്ര അതിർത്തികളിൽ വളർന്നുവരുന്ന വെല്ലുവിളികളെ ഒറ്റയ്ക്ക് നേരിടാൻ പാകിസ്ഥാന് കഴിയാത്തത് കൊണ്ടാണ് തുർക്കി സൈനിക പിന്തുണയടക്കം വാഗ്ദാനം ചെയ്തിരിക്കുന്നത്.

സൈനിക ചരക്ക് കൈമാറ്റം നടന്നതായി തുർക്കിയും പാകിസ്ഥാനും സ്ഥിരീകരിച്ചിട്ടുണ്ട്. എന്നാൽ കയറ്റുമതിയുടെ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തിയിട്ടില്ല. ചൈന സൈനിക സഹായം വാഗ്ദാനം ചെയ്യുന്ന അതേ രീതിയിൽ തന്നെയാണ് തുർക്കിയുടെയും പിന്തുണ. ഡ്രോൺ അടക്കമുള്ള സൈനിക സഹായങ്ങളും തുർക്കി ഇതിനോടകം പാകിസ്ഥാന് നൽകിയിട്ടുണ്ട്.

## കെ എം എബ്രഹാമിന്റെ 12 വർഷത്തെ സ്വത്തുവിവരങ്ങൾ അന്വേഷിക്കും; പ്രഥമദൃഷ്ട്യാ തെളിവുണ്ടെന്ന് സിബിഐ

തിരു: മുഖ്യമന്ത്രി പിണറായി വിജയന്റെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി കെ എം എബ്രഹാമിനെതിരായ കേസിന്റെ കൂടുതൽ വിവരങ്ങൾ പുറത്ത്. അഴിമതി നിരോധന നിയമത്തിലെ വകുപ്പുകൾ പ്രകാരമാണ് സി ബി ഐ കേസെടുത്തിരിക്കുന്നത്.

കൊല്ലത്തെ ഷോപ്പിംഗ് കോംപ്ലക്സ് അടക്കം 2003 മുതൽ 2015 ഡിസംബർ വരെയുള്ള എബ്രഹാമിന്റെ സ്വത്തുവിവരങ്ങളെക്കുറിച്ചാണ് അന്വേഷിക്കുന്നത്. എബ്രഹാമിനെതിരെ പ്രഥമദൃഷ്ട്യാ തെളിവുകളുണ്ടെന്നാണ് എഫ് ഐ ആറിലുള്ളത്.

കോടികൾ വിലയുള്ള മുംബയിലെ അപ്പാർട്ട്മെന്റ്, കൊല്ലത്തെ എട്ട് കോടിയുടെ ഷോപ്പിംഗ് കോംപ്ലക്സ്, തിരുവനന്തപുരത്തെ അപ്പാർട്ട്മെന്റ് ഇതൊക്കെ വരവിൽ കഴിഞ്ഞ സ്വത്താണെന്നാണ് ആരോപണം. സംസ്ഥാന വിജിലൻസ് ആയിരുന്നു കേസ് ആദ്യം അന്വേഷിച്ചത്. അന്ന് ജേക്കബ് തോമസ് ആയിരുന്നു വിജിലൻസ് ഡയറക്ടർ. അദ്ദേഹം ആ സ്ഥാനത്തുനിന്ന് മാറിയതോടെ എബ്രഹാമിന് ക്ലീൻചിറ്റ് കിട്ടിയിരുന്നു.

സംഭവത്തിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ട് പൊതുപ്രവർത്തകനായ ജോമോൻ പുത്തൻ പുരയ്ക്കൽ ഹൈക്കോടതിയെ സമീപിച്ചിരുന്നു. അന്വേഷണത്തിന് ഹൈക്കോടതി ഉത്തരവിട്ടതോടെയാണ് സിബിഐ കേസ് ഏറ്റെടുത്തത്.

## കഞ്ചാവുമായി റാപ്പർ വേടൻ പിടിയിൽ; അറസ്റ്റ് ഉടൻ

കൊച്ചി: റാപ്പർ വേടൻ എന്നറിയപ്പെടുന്ന ഹിരൺ ദാസ് മുരളിയുടെ ഫ്ളാറ്റിൽ നിന്ന് കഞ്ചാവ് പിടികൂടി. കൊച്ചിയിലെ ഫ്ളാറ്റിൽ നടത്തിയ പരിശോധനയിലാണ് ഏഴ് ഗ്രാം കഞ്ചാവ് പിടികൂടിയത്. വേടന്റെ അറസ്റ്റ് ഉടൻ രേഖപ്പെടുത്തും.



ഫ്ളാറ്റിൽ ലഹരി ഉപയോഗിക്കുന്നുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ രാവിലെ പത്ത് മണിയോടെയാണ് പൊലീസ് എത്തിയത്. തുടർന്ന് നടത്തിയ പരിശോധനയിലാണ് കഞ്ചാവ് കണ്ടെത്തിയത്. പരിശോധന നടക്കുമ്പോൾ വേടൻ ഫ്ളാറ്റിലുണ്ടായിരുന്നുവെന്നാണ് വിവരം. ഒമ്പത് പേരടങ്ങുന്ന സംഘമായിരുന്നു അവിടെ ഉണ്ടായിരുന്നത്. തൃശൂർ സ്വദേശിയാണ് വേടൻ.

ഇന്നലെ ഹൈബ്രിഡ് കഞ്ചാവുമായി പിടിയിലായത് രണ്ടു പ്രമുഖ യുവ സംവിധായകരും അവരുടെ സുഹൃത്തും പിടിയിലായിരുന്നു. യുവസംവിധായകരായ ഖാലിദ് റഹ്മാനും (35) അഷറഫ് ഹംസയുമാണ് (46) കൊച്ചിയിൽ പിടിയിലായത്.

ഇരുവരെയും ഫെഫ്ക ഡയറക്ടേഴ്സ് യൂണിയൻ സസ്പെൻഡ് ചെയ്തു. തിയേറ്ററിൽ പ്രദർശനം തുടരുന്ന 'ആലപ്പുഴ ജിംഖാന'യുടെ സംവിധായകനും തിരക്കഥാകൃത്തും നിർമ്മാണ പങ്കാളിയുമാണ് ഖാലിദ് റഹ്മാൻ. തല്ലുമാല, അനുരാഗ കരിക്കിൻ വെള്ളം, ഉണ്ട തുടങ്ങിയ സിനിമകളും സംവിധാനം ചെയ്തിട്ടുണ്ട്. തമാശ, ഭീമന്റെ വഴി, സുലൈഖ മൻസിൽ എന്നീ സിനിമകളുടെ സംവിധായകനാണ് അഷറഫ് ഹംസ.

പ്രമുഖ ഛായാഗ്രാഹകനായ സമീർ താഹിറിന്റെ എറണാകുളം ഗോശ്രീ പാലത്തിനു സമീപത്തെ പൂർവ ഗ്രാൻഡ് ബേ ഫ്ളാറ്റിൽ നിന്നാണ് ഇവരെയും സുഹൃത്ത് ഷാലി മുഹമ്മദിനെയും (35) ഇന്നലെ പുലർച്ചെ രണ്ടിന് എക്സൈസ് പിടികൂടിയത്. ഷാലി മുഹമ്മദ് വഴിയായിരുന്നു ഇടപാട്.

## യുവതി മരിച്ചനിലയിൽ; പൊലീസിനെ വിളിച്ച് ആംബുലൻസ് ഡ്രൈവർ; ഭർത്താവ് കസ്റ്റഡിയിൽ

ചങ്ങനാശേരി: ചങ്ങനാശേരി തൃക്കൊടിത്താനത്ത് യുവതിയെ വീടിനുള്ളിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ച നിലയിൽ കണ്ടെത്തി. മോസ്കോ സ്വദേശി 38കാരി മല്ലികയാണ് മരിച്ചത്. ഭർത്താവ് അനീഷിനെ പൊലീസ് കസ്റ്റഡിയിലെടുത്തു. പുലർച്ചെ ആറുമണിയോടെയാണ് മല്ലികയെ മരിച്ച നിലയിൽ കണ്ടത്. ആശുപത്രിയിലേക്ക് മാറ്റുന്നതിനിടെ ആംബുലൻസ് ഡ്രൈവർക്ക് സംശയം തോന്നിയതോടെ പൊലീസിനെ അറിയിക്കുകയായിരുന്നു.


മല്ലികയുടെ ശരീരത്തിൽ മുറിവേറ്റ പാടുകളും രക്തക്കറയും കണ്ടെത്തി. മദ്യപിച്ചെത്തി അനീഷ് ഭാര്യയുമായി കലഹം ഉണ്ടാക്കുന്നത് പതിവായിരുന്നു എന്ന് നാട്ടുകാർ പറഞ്ഞു.

ഇതുമായി ബന്ധപ്പെട്ട മല്ലിക മുൻപ് പൊലീസിൽ പരാതിയും നൽകിയിട്ടുണ്ട്. പോസ്റ്റ്മോർട്ടത്തിനു ശേഷമേ മരണകാരണം വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ എന്ന് തൃക്കൊടിത്താനം പൊലീസ് അറിയിച്ചു.

## ബൈക്ക് മോഷണക്കേസ് പ്രതികൾ കമ്പത്ത് നിന്ന് പിടിയിൽ

കോട്ടയം: ബൈക്ക് മോഷണക്കേസിലെ പ്രതികൾ പിടിയിൽ. അശോക്(18), ശുക്രൻ (20)എന്നിവരെയാണ് കമ്പത്ത് നിന്ന് കോട്ടയം വെസ്റ്റ് പൊലീസ് അറസ്റ്റ് ചെയ്തത്. ജനുവരി 14ന് രാത്രിയാണ് ഇരുവരും കോട്ടയം ഐഡ ജങ്ഷന് സമീപം പാർക്കിങ് ഗ്രൗണ്ടിൽ സൂക്ഷിച്ചിരുന്ന കാവാലം സ്വദേശി വിഷ്ണുവിന്റെ പൾസർ ബൈക്ക് മോഷ്ടിച്ച് കടന്നത്.

പരാതിയുടെ അടിസ്ഥാനത്തിൽ കോട്ടയം വെസ്റ്റ് പൊലീസ് അന്വേഷണം തുടങ്ങി. സി.സി.ടി.വി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിനൊടുവിലാണ് പ്രതികളെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കായി പ്രതികളെ റിമാൻഡ് ചെയ്തു.




### കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

POP: 14/2024

മുകുന്ദപുരം താലൂക്ക് കാട്ടൂര് വില്ലേജിൽ പൊഞ്ഞനം ദേശത്ത് മകരം നിവാസിൽ ജയപ്രകാശ് ഭാര്യ 51 വയസ് ഗൃഹഭരണം പ്രസന്ന

-ഹരജിക്കാരി

മുകുന്ദപുരം താലൂക്കിൽ കാട്ടൂര് വില്ലേജിൽ പൊഞ്ഞനം ദേശത്ത് രായംമരക്കാർ വീട്ടിൽ മുഹമ്മദാലി ഭാര്യ 57 വയസ് ഗൃഹഭരണം റെജീന

-എതൃകക്ഷി

മേൽ നമ്പറിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് ബഹു. കോടതിയിലും താമസസ്ഥലത്തും പതിച്ചു നടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് **31-05-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുള്ളവർ അന്നേതിയ്യതി പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ കേസിൽ തീർപ്പ് കല്പിക്കുന്നതാണ് എന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 28-04-2025

ഹരജിഭാഗം അഡ്വക്കേറ്റ്

**പ്രമോദ് കെ എസ്** (ഒപ്പ്)



### കോടതി പരസ്യം

ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ

OS: 334/2024

കൃഷ്ണ എന്റർപ്രൈസസ്

-വാദി

1) കൊടുങ്ങല്ലൂർ താലൂക്ക് മേത്തല വില്ലേജ് പറമ്പിക്കുളങ്ങര ദേശത്ത് കുഴിക്കാട്ട് ഷൺമുഖൻ മകൻ സുജീഷ്

-1-ാം പ്രതി

പ്രോനോട്ട് പ്രകാരം പ്രതികളിൽ നിന്നും വരേണ്ടും സംഖ്യയ്ക്കും മറ്റുമായിട്ടാണ് മേൽ നമ്പർ അന്യായം. മേൽ നമ്പറിൽ 1-ാം പ്രതിക്കുള്ള സമൻസ് പതിച്ചുനടത്താൻ അനുവദിച്ച് മേൽനമ്പർ കേസ് **27-05-2025** തിയ്യതി വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേദിവസം രാവിലെ 11 മണിക്ക് നിങ്ങൾ കോടതി മുമ്പാകെ ഹാജരായി തർക്കം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം മേൽ നമ്പർ അന്യായം നിങ്ങളെ കൂടാ തെ വിധി ആകുന്നതാണെന്നും ഇതിനാൽഅറിയിച്ചുകൊള്ളുന്നു.

എന്ന്, 27-4-2025

വാദിഭാഗം അഡ്വക്കേറ്റ്സ്

**വി എം ശ്രീകുമാർ & കെ വൃന്ദ** (ഒപ്പ്)





